# അനങ്ങനടി ഹയർ സെക്കന്ററി സ്കൂൾ

## പനമണ്ണ - 20047

# ലിറ്റിൽ കൈറ്റ്സ്

## വാർഷിക റിപ്പോർട്ട്

## 2025-2026



Scanned with OKEN Scanner

പൊതു വിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളെ ഐ ടി മേഖലയിൽ പ്രബുദ്ധരാക്കാനായി സംസ്ഥാന ഗവൺമെന്റ് ആരംഭിച്ച പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ്. പ്രോഗ്രാമിങ്, ഗെയിമിങ്, ആനിമേഷൻ, ഭാഷ കമ്പ്യൂട്ടിങ്, ഹാർഡ്‌വെയർ, ആർട്ടിഫിഷ്യൽ ഇന്റലിജിൻസ്, റോബോട്ടിക്സ് തുടങ്ങി വിവിധ മേഖലകളിലെല്ലാം കുട്ടികൾക്ക് പരിശീലനം നൽകിവരുന്നു.

ഈ വിദ്യാലയത്തിൽ നിലവിൽ 2023-26, 2024-27, 2025-28 ബാച്ചുകളിലായി 240 കുട്ടികൾ അംഗങ്ങളായിട്ടുണ്ട്. അധ്യാപകരായ സലീന ,രേഖ,അഖില,ഫസ്ന എന്നിവരാണ് ലിറ്റിൽ കൈറ്റ്സ് പരിശീലനം നൽകുന്നത്.

2025-2026 ആധ്യയന വർഷത്തിൽ അനങ്ങനടി സ്കൂളിലെ ലിറ്റിൽ കൈറ്റ് യൂണിറ്റിന് മികച്ച നേട്ടം കൈവരിക്കാൻ സാധിച്ചു. സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുക്കുകയും എല്ലാ പ്രവർത്തങ്ങളുടെയും ഡോക്യുമെന്റ്ഷൻ നടത്തുകയും ചെയ്തു .

സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിലെ ലിറ്റിൽ കൈറ്റ് യൂണിറ്റുകൾക്കായി കൈറ്റ് നടത്തിയ "എന്റെ സ്കൂൾ എന്റെ അഭിമാനം" റീൽസ് മത്സരത്തിൽ അനങ്ങനടി സ്കൂളിന് പുരസ്കാരം ലഭിച്ചു. സംസ്ഥാനതല റീൽ മത്സരത്തിൽ 101 സ്കൂളുകളിൽ ഒരു സ്കൂളായി തിരഞ്ഞെടുത്തു. ഇത് സ്കൂളിന്റെ ചരിത്രത്തിൽ പൊൻതൂവൽ ചാർത്തി കൊടുക്കുന്ന നേട്ടമായിരുന്നു .

പൊതുവിദ്യാഭ്യാസ വകുപ്പും കൈറ്റും നിർദ്ദേശിക്കുന്ന എല്ലാ പ്രവർത്തനങ്ങളും പരിശീലനങ്ങളും അതിന്റെ പ്രധ്യാന്യത്തോടെ നടത്തി വരുന്നു .

ലിറ്റിൽകൈറ്റ്സ് പദ്ധതിയിലെ ഓരോ അംഗത്തിനും വൈവിധ്യമാർന്ന പരിശീലനങ്ങളിലൂടെ കടന്നുപോകാനുള്ള സുവർണാവസരമാണ് ഈ വർഷത്തെ പ്രവർത്തനകാലയളവിലൂടെ ലഭിച്ചത്

2025-26 അധ്യയനവർഷത്തിൽ നടത്തിയ പ്രവർത്തങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു

Scanned with OKEN Scanner

## ഇൻസ്റ്റാലേഷൻ ഫെസ്റ്റ്

സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ ഇൻസ്റ്റലേഷൻ ഫെസ്റ്റ് സംഘടിപ്പിച്ചു. പുതിയ IT പാഠപുസ്തകങ്ങളിലെ സോഫ്റ്റ്‌വെയറുകൾ ഉൾപ്പെടുത്തിയ UBUNTU OS (KITE -GNU 22.04 4-1) സ്കൂളിലെ എല്ലാം ലാപ്ടോപ്കളിലും ഇൻസ്റ്റാൾ ചെയ്ത് ഇൻസ്റ്റാലേഷൻ ഫെസ്റ്റ് വിജയകരമായി പൂർത്തിയാക്കി.

## സ്കൂൾ ക്യാമ്പ്

2024 -27 ബാച്ച് ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് വിദ്യാർഥികൾക്കുള്ള സ്കൂൾ ക്യാമ്പ് മെയ് 27 ന് നടത്തി. പരിശീലനം ലഭിച്ച ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്മാരുടെ നേതൃത്യത്തിൽ ആണ് ക്യാമ്പ് നടന്നത് .ക്യാമറ കൈകാര്യം ,വീഡിയോ എഡിറ്റിംഗ് ,മീഡിയ എന്നീ വിഷയങ്ങളിൽ കുട്ടികൾ അറിവ് പ്രാപിക്കുകയും വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി കുട്ടികൾ പ്രോമോ വീഡിയോ തയാറാക്കി പ്രദർശിപ്പിച്ചു . 9 ക്ലാസിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ പ്രവേശനോത്സവം പ്രോമോ വീഡിയോ തയാറാക്കി എല്ലാവരുടെയും അഭിന്ദനത്തിനർഹരായി.

## ഡോക്യൂമെന്റേഷൻ

സ്കൂളിൽ നടത്തുന്ന പ്രവേശനോത്സവം,പരിസ്ഥിതിദിനം,ലഹരിവിരുദ്ധദിനം തുടങ്ങിയ എല്ലാ പരിപാടികളുടെയും ചിത്രങ്ങൾ ക്യാമറയിൽ പകർത്തുകയും തുടർന്നു വീഡിയോ തയാറാക്കി ഡോക്യുമെന്റ് ചെയ്തു സൂക്ഷിക്കുന്നു .

## പ്രിലിമിനറി ക്യാമ്പ്

2025-2028 യൂണിറ്റ് ലെ അംഗങ്ങക്കുള്ള പ്രിലിമിനറി ക്യാമ്പ് കൈറ്റ് മെന്റർ രാജീവ് സാറുടെ നേതൃത്വത്തിൽ രണ്ടു ദിവസങ്ങളിലായി ഐടി ലാബിൽ വച്ച് നടന്നു . വിദ്യാർത്ഥികൾക്ക് പുതിയ ഒരു അനുഭവമായിരുന്നു.

Scanned with OKEN Scanner

## ECHOES OF AHS - സ്കൂൾ പത്രം


2025 JUNE

ECHOES OF AHS

ANANGANADI HIGHER SECONDARY SCHOOL, PANAMANNA

വിജയോത്സവം

വിജയികളെ സബ്കളക്ടർ അനുമോദിച്ചു

- USS പരീക്ഷയിലും ചരിത്ര വിജയം
- എസ്.എസ്.എൽ. സി പരീക്ഷാഫലം തുടർച്ചയായി 100% വിജയം

ഐടി പഠനം-പുതിയ സോഫ്റ്റ്‌വെയർ UBUNTU OS (KITE -GNU 22.04 4-1)

സ്കൂൾ ക്യാമ്പ് നടത്തി

ആവേശമായി പ്രവേശനോത്സവം

NCC, SPC, LITTLE KITES പുതിയ ബാച്ചുകൾ

പത്ര വിതരണം നടത്തി

ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ June മാസത്തിലെ സ്കൂൾ ന്യൂസ് പേപ്പർ HM Sreeja Tr പ്രകാശനം ചെയ്തു. ഡെപ്യൂട്ടി.എച്ച് എം സജിത്ത് മാഷ്,എസ്.ഐ.ടി.സി രജനി ടീച്ചർ, എന്നിവർ ആശംസകൾ അറിയിച്ചു. ജൂൺ മാസത്തിലെ സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളും ഉൾക്കൊള്ളിച്ച് വളരെ ആകർഷകമായ രീതിയിൽ സ്ക്രൈബ്സ് സോഫ്റ്റ്‌വെയർ ഉപയോഗിച്ചണ് കുട്ടികൾ ന്യൂസ് പേപ്പർ തയാറാക്കിയത് .

## Lk Aptitude Test



Lk Aptitude Test-2025-26 545 കുട്ടികളിൽ 259 കുട്ടികൾ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുകയും അതിൽ എല്ലാം കുട്ടികളും പരീക്ഷ എഴുതുകയും ചെയ്തു. റാങ്ക് അടിസ്ഥാനത്തിൽ കുട്ടികളെ തിരഞ്ഞെടുക്കുകയും സ്പെഷ്യൽ യൂണിഫോം,ടാഗ് എന്നിവ വിതരണം ചെയ്തു .

Scanned with OKEN Scanner


## അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം




അന്താരാഷട്ര ലഹരിവിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി 26/06/2025 ന് സ്കൂളിൽ വിവിധ പരിപാടികൾ.സംഘടിപ്പിച്ചു. ലിറ്റിൽകൈറ്റ് വിദ്യാർഥികൾക്കായി റീൽസ്മത്സരം സംഘടിപ്പിച്ചു . മികച്ച റീൽസിനു സമ്മാനം നൽകി . മുഖ്യമന്ത്രിയുടെ സന്ദേശം എല്ലാ ക്ലാസ് മുറികളിലും പ്രദർശിപ്പിക്കാൻ നേതൃത്വം നൽകിയത് ലിറ്റിൽ കൈറ്റ് വിദ്യാർത്ഥികൾ ആണ്

## സ്വതന്ത്ര സോഫ്റ്റ്‌വെയർ ദിനം

സെപ്റ്റംബർ മാസത്തിൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ ദിനം ആചരിച്ചു .കൈറ്റ് നടത്തിയ ഓൺലൈൻ മത്സരത്തിലെ വിജയികളെ കണ്ടെത്തി സ്പെഷ്യൽ അസെംബ്ലിയിൽ സർട്ടിഫിക്കറ്റ് നൽകി . സാങ്കേതിക വിദ്യ സമൂഹ നന്മക്കായി ഉപയോഗിക്കുന്നതിനായി പ്രതിജ്ഞ കുട്ടികൾ ഏറ്റു ചൊല്ലി . ഫോസ് കോർണർ തയാറാക്കുകയും സോഫ്റ്റ്‌വെയർ നിർമാതാക്കളുടെ ചിത്രങ്ങളും വിവരങ്ങളും പ്രദർശിപ്പിച്ചു.






Scanned with OKEN Scanner

## ROBORTIC FEST

എല്ലാ കുട്ടികളിലും റോബോർട്ടിക്സ് പഠനത്തിന്റെ പ്രാധാന്യം മനസിലാക്കുന്നതിനായും താല്പര്യം ഉണ്ടാകുന്നതിനായി നിത്യ ജീവിതത്തിൽ ഉപകാരപ്രദമാകുന്ന റോബോർട്ടിക്സ് ഉപകരണങ്ങൾ തയാറാക്കി പ്രദർശനം സംഘടിപ്പിച്ചു .

## ശാസ്ത്ര മേള- ഐടി മേളയിൽ നേട്ടങ്ങൾ

- ഭീഷ്മക് അനിമേഷൻ വിഭാഗത്തിൽ ജില്ലാ മത്സരത്തിൽ പങ്കെടുത്തു A ഗ്രേഡ് കരസ്ഥമാക്കി .
- ANGEL വെബ് ഡിസൈൻ വിഭാഗത്തിൽ ജില്ലാ മത്സരത്തിൽ പങ്കെടുത്തു . A ഗ്രേഡ് കരസ്ഥമാക്കി .രണ്ടുപേരും ലിറ്റിൽ കൈറ്റ് അംഗങ്ങൾ ആണ്

## കലോൽത്സവം ഷൂട്ടിംഗ്

ഈ വർഷത്തെ സബ്ജില്ലാ കലോൽത്സവത്തിന്റെ ആധിതേയത്വം നമ്മുടെ സ്കൂളിലായതിനാൽ കലോൽത്സവ പ്രോമോ വീഡിയോ തയാറാക്കാൻ സ്കൂളിലെ ലിറ്റിൽ കൈറ്റ് വിദ്യർത്ഥികൾക്ക് അവസരം ലഭിച്ചു .കൂടാതെ പ്രധാന വേദിയിലെ ഒന്നാദിവസത്തെ മൽസരങ്ങൾ വെബ് ക്യാമറ ഉപയോഗിച്ച് റെക്കോർഡ് ചെയ്തതും ലിറ്റിൽ കൈറ്റ് വിദ്യർത്ഥികൾ ആണ് .

## ഭിന്നശേഷി സൗഹാർദ്ധം

പത്താം ക്ലാസിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ ഗ്രൂപ്പ് വർക്കിന്റെ ഭാഗമായി ഓട്ടിസം സെന്ററിലെ കുട്ടികളെ കാണുകയും അവർക്കായി കമ്പ്യൂട്ടറിന്റെ അടിസ്ഥാന ഉപയോഗം, പെയിന്റിംഗ് പരിചയപ്പെടുത്തി. പരിശീലനം വളരെ സൗഹൃദപരമായ രീതിയിൽ ഒരുക്കിയത് കൊണ്ട് കുട്ടികൾ അതിൽ ആവേശത്തോടെ പങ്കെടുത്തു.

Scanned with OKEN Scanner

## എന്റെ സ്കൂൾ എന്റെ അഭിമാനം




എന്റെ സ്കൂൾ എന്റെ അഭിമാനം; അനങ്ങനടി എച്ച് എസ് എസിന് പുരസ്കാരം സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിലെ ലിറ്റിൽ കൈറ്റ് യൂണിറ്റുകൾക്കായി കൈറ്റ് നടത്തിയ എന്റെ സ്കൂൾ എന്റെ അഭിമാനം റീൽസ് മത്സരത്തിൽ അനങ്ങനടി ഹൈസ്കൂളിനും പുരസ്കാരം ലഭിച്ചു. 5,000 രൂപയുടെ ക്യാഷ് പ്രൈസും സർട്ടിഫിക്കറ്റ് ആണ് സ്കൂളിന് ലഭിച്ചത്. അക്കാദമികമികവ്,നേട്ടങ്ങൾ, എന്നിവ ചേർത്ത് തയ്യാറാക്കിയ വീഡിയോ ആണ് മത്സരത്തിന് പരിഗണിച്ചത് .കൈറ്റ് വിക്ടേഴ്സിന്റെ പൂജപുരയിലെ സ്റ്റുഡിയോയിൽ ഓൺലൈനായി സംസ്ഥാന തല പുരസ്കാര വിതരണം ഉദ്ഘാടനം നടന്നു. കൈറ്റ് ജില്ലാ  കോഡിനേറ്റർ വൈ സിന്ധുവിൽ നിന്നും എച്. എം ശ്രീജ, ലിറ്റിൽ കൈറ്റ് മെന്റർ അഖില, ലിറ്റിൽ കൈറ്റ് വിദ്യാർത്ഥിനി ദേവിക എന്നിവർ പുരസ്കാരം ഏറ്റുവാങ്ങി.

## അനിമേഷൻ, സ്ക്രാച്ച് പ്രോഗ്രാമിങ് -യൂണിറ്റ് ക്യാമ്പ്



2024-27 ബാച്ചിലെ വിദ്യാർഥികൾക്കുള്ള യൂണിറ്റ് ക്യാമ്പ് നടത്തി.അനിമേഷൻ സ്ക്രാച്ച് പ്രോഗ്രാമിങ് -എന്നീ വിഭാഗങ്ങളിൽ ആയിരുന്നു ക്യാമ്പ് .ക്യാമ്പിൽ മികച്ച പ്രകടനം കാഴ്ച വച്ച കുട്ടികളെ സബ്ജില്ലാ ക്യാമ്പിലേക്ക് തിരഞ്ഞെടുത്തു.

Scanned with OKEN Scanner

## Robotics പരിശീലനം



പത്താം ക്ലാസിലെ മുഴുവൻ വിദ്യാർത്ഥികൾക്കായി ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ റോബോട്ടിക്സ് പരിശീലനം സംഘടിപ്പിച്ചു വാർഷിക ഐ ടി പരീക്ഷ ആത്മവിശ്വാസത്തോടെ നേരിടാൻ കുട്ടികൾക്ക് സഹായകമായി.

## സർവ്വം AI മയം




അനങ്ങനടി ഹയർ സെക്കൻഡറി സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ 03/03/2026 ന് 'സർവ്വം AI മയം 'പരിശീലന ക്ലാസ്സ് നടത്തി. രക്ഷിതാക്കൾക്ക് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാക്ഷരത നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഈ ക്ലാസ്സ് സംഘടിപ്പിച്ചത്.

എച്ച് എം ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽലിറ്റിൽ കൈറ്റ് അധ്യാപകർ,ലിറ്റിൽ കൈറ്റ് അംഗങ്ങളായ വൈശാഖ് പ്രത്യുഷ് ആദർശ് അഭിനജ് എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി. എഐയുടെ അനന്തസാധ്യതകൾ, അതിൽ അടങ്ങിയിരിക്കുന്ന ചതിക്കുഴികൾ, ദൈനംദിന ജീവിതത്തിൽ സ്മാർട്ട്ഫോണിന്റെ ഉപയോഗം, ചാറ്റ് ജി പി ടി ,മെറ്റാ , ഗൂഗിൾ എന്നിവയിൽ വിദ്യാർത്ഥികൾ രക്ഷിതാക്കൾക്ക് പരിശീലനം നൽകി.

## ഹൈടെക് ഉപകരണങ്ങളുടെ സൂക്ഷിപ്പ്



ലിറ്റിൽ വിദ്യാർഥികളുടെ നേതൃത്വത്തിൽ ക്ലാസ് മുറികളിലെ പ്രോജകറ്റർ പൊടി മുതലായവ കളഞ്ഞ് ഭദ്രമായി കവർ ചെയ്തു വച്ചു. ഓരോ ക്ലാസിലെക്കും നൽകിയ എച്ച്ഡിഎംഐ കേബിൾ,റിമോട്ട്, സ്പീക്കർ ,ലാപ്ടോപ്പ് . എന്നിവയെല്ലാം കുട്ടികളുടെയും മെന്റെഴ്സിന്റെയും നേതൃത്വത്തിൽ സുരക്ഷിതത്വം ഉറപ്പുവരുത്തി.

Scanned with OKEN Scanner